നമ്പർ - എൻ3/53088/13/ഡി.പി.ഐ

വിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസ്
തിരുവനന്തപുരം, തീയതി.21.08.2013

## സർക്കുലർ

വിഷയം- പൊ.വി - നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ് 2013-14 ഫലം പ്രസിദ്ധപ്പെടുത്തിയത് - സംബന്ധിച്ച്.

സൂചന- 2012 നവംബർ 18 ന് നടത്തിയ എൻ.എം.എം.എസ് പരീക്ഷ.

വിദ്യാഭ്യാസവകുപ്പ് 2012 നവംബർ 18-ാം തീയതി 8-ാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്കുവേണ്ടി നടത്തിയ നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ് പരീക്ഷയുടെ ഫലം പ്രഖ്യാപിക്കുകയും അത് ജില്ലാവിദ്യാഭ്യാസ ഓഫീസ് തിരിച്ച് www.education.kerala.gov.in, www.scholarship.itschool.gov.in എന്നീ വെബ്സൈറ്റുകളിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

പ്രസ്തുത ലിസ്റ്റിൽ വന്നിട്ടുള്ള മുഴുവൻ വിദ്യാർത്ഥികളുടെയും പേരുവിവരം പ്രിന്റ് എടുത്ത് അതാത് വിദ്യാഭ്യാസ ഉപഡയറക്ടർമാർ, ജില്ലാവിദ്യാഭ്യാസ ഓഫീസർമാർ എന്നിവരുടെ ഓഫീസുകളിൽ പ്രദർശിപ്പിക്കുകയും ബന്ധപ്പെട്ട സ്കൂളുകൾ വഴി കുട്ടികളെ അറിയിക്കേണ്ടതുമാണ്. സ്കോളർഷിപ്പിന് അർഹരായ കുട്ടികൾ കോർ ബാങ്കിംഗ് സൗകര്യമുള്ള ബാങ്കുകളിൽ രക്ഷകർത്താവുമായി ചേർന്നുള്ള സംയുക്ത ബാങ്ക് അക്കൗണ്ട് തുറക്കേണ്ടതാണ്. യാതൊരു കാരണവശാലും സഹകരണ ബാങ്ക്/സൊസൈറ്റികളിൽ അക്കൗണ്ട് തുറക്കുവാൻ പാടില്ല. ഏതെങ്കിലും കാരണവശാൽ അങ്ങനെ അക്കൗണ്ട് തുറന്നാൽ കുട്ടികൾക്ക് സ്കോളർഷിപ്പ് തുക നൽകുവാൻ കഴിയാതെ വരുന്നതാണ്.

നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ് വിജയികളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി ഐ.റ്റി@സ്കൂളിന്റെ വെബ്സൈറ്റിൽ നൽകിയിട്ടുള്ള ഫോർമാറ്റിൽ ബാങ്ക് അക്കൗണ്ട് നമ്പർ, ബാങ്കിന്റെ ഐ.എഫ്.എസ്.സി കോഡ്, വിദ്യാർത്ഥികളുടെ ആധാർ നമ്പർ ഉൾപ്പെടെ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ തെറ്റുകൂടാതെ ബന്ധപ്പെട്ട ജില്ലാവിദ്യാഭ്യാസ ഓഫീസർമാർ രേഖപ്പെടുത്തേണ്ടതാണ് (ഐ.റ്റി@ സ്കൂൾ നൽകിയിട്ടുള്ള ഐ.ഡി/പാസ്സ് വേർഡ് മുഖേന വെബ്സൈറ്റിൽ പ്രവേശിക്കാവുന്നതാണ്). അർഹരായവരുടെ പാസ്സ്ബുക്കിന്റെ ബാങ്ക് അക്കൗണ്ട് നമ്പർ രേഖപ്പെടുത്തിയിട്ടുള്ള പേജിന്റെ പകർപ്പ് ബന്ധപ്പെട്ട ഹെഡ്മാസ്റ്റർ മുഖേന ജില്ലാവിദ്യാഭ്യാസ ആഫീസർമാർ വാങ്ങി സൂക്ഷിക്കേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

പകർപ്പ് - 1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും